**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** **08-10-2021 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ബിസിനസ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി കേരള അഗ്രോ ബിസിനസ് കമ്പനി ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കമ്പനിയുടെ ഘടനയും പ്രധാന ചുമതലകളും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (ബി) | കാർഷിക മേഖലയിലെ വിപണനം, പ്രോത്സാഹിപ്പിക്കുന്നതിന് കമ്പനീസ് ആക്ട് പ്രകാരം, കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുന്നതിന് 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിക്കുകയും ഇതിനായി 1.5 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംഭരണം; സംസ്കരണം, വിപണനം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭ്യമാക്കുന്നതിനും അധികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തി വിപണനം ഉറപ്പാക്കുന്നതിനും കൃഷി വകുപ്പിനു കീഴിൽ അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക, കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുക എന്നിവയാണ് നിർദ്ദിഷ്ട അഗ്രോ ബിസിനസ്സ് കമ്പനിയുടെ പ്രധാന ചുമതലകൾ. സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന മേഖലയിൽ ശരിയായ ഇടപെടൽ ഉറപ്പാക്കുന്നതിന് അഗ്രോ |

| | | | |
|---|---|---|---|
| | | | ബിസിനസ്സ് കമ്പനി രൂപീകരണം വഴി സാധ്യമാകുന്നതാണ്. കർഷകർ, കാർഷിക സംഘടനകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി വിപണനം നടത്തുന്നത് സുഗമമാക്കുന്നതിന് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (സി) | സംസ്ഥാനത്തെ ചെറുകിട വൻകിട കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി വിപണി വിലയ്ക്ക് ആനുപാതികമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ ഇടപെടലുകൾ നടത്താൻ കമ്പനിക്ക് കഴിയും എന്നാണ് സർക്കാർ വിലയിരുത്തുന്നത്; | (സി) | കാർഷിക മേഖലയിലെ വിപണനം, പ്രോത്സാഹിപ്പിക്കുന്നതിന് കമ്പനീസ് ആക്ട് പ്രകാരം, കേരള അഗ്രോ ബിസിനസ്സ് കമ്പനി എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുന്നതിന് 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിക്കുകയും ഇതിനായി 1.5 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങളുടെ സംഭരണം; സംസ്കരണം, വിപണനം എന്നിവയ്ക്ക് പ്രാധാന്യം നൽകി ഉൽപ്പന്നങ്ങൾക്ക് അർഹമായ വില ലഭ്യമാക്കുന്നതിനും അധികമായി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തി വിപണനം ഉറപ്പാക്കുന്നതിനും കൃഷി വകുപ്പിനു കീഴിൽ അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര-അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക, കൃഷി വകുപ്പിന് കീഴിലുള്ള കാർഷികോൽപ്പാദന കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ആവശ്യാനുസരണം ഉപദേശങ്ങൾ നൽകുക എന്നിവയാണ് നിർദ്ദിഷ്ട അഗ്രോ ബിസിനസ്സ് കമ്പനിയുടെ പ്രധാന ചുമതലകൾ. സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന മേഖലയിൽ ശരിയായ ഇടപെടൽ ഉറപ്പാക്കുന്നതിന് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണം വഴി സാധ്യമാകുന്നതാണ്. കർഷകർ, കാർഷിക സംഘടനകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ എന്നിവരിൽ നിന്നും കാർഷിക ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി വിപണനം നടത്തുന്നത് സുഗമമാക്കുന്നതിന് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (ഡി) | നിലവിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നെല്ല്, തേങ്ങ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഭരണം | (ഡി) | നെല്ല്, തേങ്ങ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ സംഭരണം ഈ കമ്പനിയിലൂടെ സംഭരിക്കുന്നത് ഇപ്പോൾ |

| | | | |
|---|---|---|---|
| | പ്രസ്തുത കമ്പനി മുഖേനയായിരിക്കുമോ തുടരുക;വിശദാംശങ്ങൾ നൽകുമോ? | | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ